നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 8,98,21,886 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ചകിരി ഉൽപ്പാദനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടി ക്രഷർ യൂണിറ്റോടുകൂടിയ പുതിയ മിനിഡീഫൈബറിംഗ് മെഷീൻ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ സാങ്കേതിക വിദ്യ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുന്നതിനായി Kerala State Coir Machinery Manufacturing Co. Ltd-ന് നൽകിയിട്ടുണ്ട്.

കയർ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം

191 (1234) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വകുപ്പിനുവേണ്ടി 2006 മുതൽ 2014 വരെ ഓരോ വർഷവും ബഡ്ജറ്റിൽ എത്ര തുക വീതം വകയിരുത്തി; ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചു ;

(ബി) കയർ തൊഴിലാളി പ്രൈമറി സൊസൈറ്റികൾക്കും, കയർഫെഡിനും, കയർ കോർപ്പറേഷനും എത്ര തുക വീതം 2013-14-ലും 2014-15-ലും പ്രവർത്തന മൂലധനമായും ഗ്രാന്റായും നൽകിയിട്ടുണ്ട്; ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) ഇൻകം സപ്പോർട്ട് സ്കീമിന് ഈ സർക്കാർ അനുവദിച്ച തുക ; ചെലവഴിച്ച തുക എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർ വകുപ്പിനുവേണ്ടി 2006 മുതൽ 2014 വരെ ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയേയും ചെലവഴിച്ച തുകയേയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

തുക ലക്ഷത്തിൽ

2006-07		2007-08		2008-09		2009-10	
Budget Provision	Expend iture	Budget Provision	Expend iture	Budget Provision	Expen diture	Budget Provision	Expen diture
5175.62	4796.55	5701.01	3440.53	4615.00	4473.90	7170.00	7077

2010-11		2011-12		2012-13		2013-14	
Budget Provision	Expenditure	Budget Provision	Expenditure	Budget Provision	Expenditure	Budget Provision	Expenditure
11131.43	10555.08	9005.01	8997.49	10470.00	10238.39	11637.00	7140.75

(ബി) കയർ തൊഴിലാളി പ്രൈമറി സൊസൈറ്റികൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും 2013-14-ലും 2014-15-ലും പ്രവർത്തന മൂലധനമായും ഗ്രാന്റായും നൽകിയിട്ടുള്ള തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കയർ തൊഴിലാളി പ്രൈമറി സംഘങ്ങൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും 2013-14, 2014-15 വർഷങ്ങളിൽ പ്രവർത്തന മൂലധനവും ഗ്രാന്റും നൽകിയതിന്റെ വിവരങ്ങൾ

Sl. No	Name of Scheme	2013-14		2014-15		2013-14	2014-15	2013-14	2014-15
		Amount	No.of Societies	Amount	No.of Societies	KSCC		COIRFED	
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
1	Working Capital	14525 260	78	15842 50	5	4623 7000 (PPSS)	2000 0000 (PPSS)	5000 0000	.....
2	Infrastr ucture develo pment	11207 5971	158	89821 886	153	2037 28000 (Grant)	4951 6000 (Grant)	1678 5000 (Grant)	1626 3000 (Grant)

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
3	MDA	7408024	20	14486901	26	48089800	58351665	41768176	24467434
4	PMI	30000000	280	40000000	238	.....	.....	.....	.....
5	GSP	12603800	84	1754800	10	.....	.....	.....	.....
6	Setting up and Revival of DF Mills	4336915	4	1507660	2	.....	.....	.....	.....
7	Cluster Development	Total Societies - 17 Amount -- Rs. 80,87,929							

(സി) ഇൻകം സപ്പോർട്ട് സ്കീമിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 53,50,60,000 രൂപ അനുവദിച്ച് നൽകിയിരുന്നു. ടി ഇനത്തിൽ 23,33,76,543 രൂപ ചെലവഴിച്ചിട്ടുണ്ട്.

കയർ വ്യവസായമേഖലയുടെ ശോചനീയാവസ്ഥ

192 (1235) ശ്രീ. എ. കെ. ബാലൻ :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. ജി. സുധാകരൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം സംരക്ഷിക്കാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly